**സെന്റർ ഫോർ ലാറ്റിൻ അമേരിക്കൻ സ്റ്റഡീസ് (CLAS)**
**കേരള സർവകലാശാല**

**അപേക്ഷകൾ ക്ഷണിക്കുന്നു**

---

**University of Kerala- CLAS എക്സ്ചേഞ്ച് പ്രോഗ്രാം**

---

കേരളത്തിന്റെ മാതൃസർവ്വകലാശാലയും ഈയിടെ നാക് എ++ പുനരംഗീകാരം നേടുകയും ചെയ്ത കേരള സർവകലാശാല ലാറ്റിനമേരിക്കൻ പഠനങ്ങൾക്കും ഗവേഷണത്തിനുമായി സ്ഥാപിച്ച സെന്റർ ഫോർ ലാറ്റിനമേരിക്കൻ സ്റ്റഡീസിനെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നു. ലാറ്റിനമേരിക്കയെ കുറിച്ചുള്ള ഗവേഷണങ്ങളും പഠനങ്ങളും ശക്തിപ്പെടുത്തുന്നതിനും ഇന്ത്യയും ലാറ്റിനമേരിക്കയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് സെന്റർ ഫോർ ലാറ്റിനമേരിക്കൻ സ്റ്റഡീസ് 2015 - യിൽ സ്ഥാപിതമായത്. ലാറ്റിനമേരിക്കയുടെ ചില സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക ഘടകങ്ങൾ ഇന്ത്യയ്ക്ക് പ്രാധാന്യം ഉള്ളതാണ്. വളരുന്ന വ്യാവസായിക ഉല്പാദന ശക്തി, ബിസിനസ് മേഖലകളിലെ തുടർച്ചയായ മെച്ചപ്പെടുത്തലുകൾ എന്നിവ കാരണം ലാറ്റിൻ അമേരിക്കയെ ഒരു പ്രധാന നിക്ഷേപ കേന്ദ്രമായി കണക്കാക്കുന്നു. മറുവശത്തു ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്ക് സഹകരണം, വ്യാപാരം, നിക്ഷേപം എന്നിവയ്ക്ക് ഇന്ത്യ അവസരങ്ങൾ വാഗ്ദാനം ചെയുന്നു. ലാറ്റിനമേരിക്കൻ രാഷ്ട്രീയത്തിനും സംസ്കാരത്തിനും കേരളീയ ജനതക്കിടയിൽ വലിയ സ്വീകാര്യതയാണുള്ളത്. കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ- സാംസ്കാരിക- കാർഷിക മേഖലകളിൽ ലാറ്റിനമേരിക്കക്ക് വളരെയധികം സ്വാധീനമുണ്ട്. ഈ പഠനവിഷയത്തിൽ വരുത്താവുന്ന നൂതന സംരംഭങ്ങളും ആശയങ്ങളും അക്കാദമിക തലത്തിൽ കേരള സർവ്വകലാശാലക്കും കേരള സമൂഹത്തിനും അത്യന്താപേക്ഷികതമാണ്. ഇന്ത്യയും ലാറ്റിനമേരിക്കയും തമ്മിലുള്ള പൂർവകാല ബന്ധം ശക്തിപ്പെടുത്തേണ്ടതിന്റെയും ഗവേഷണമേഖലകളിലെ സാധ്യത വിപുലീകരിക്കേണ്ടതിന്റെയും ആവശ്യകത കണക്കിലെടുത്തു ലാറ്റിനമേരിക്കൻ മേഖലയിൽ പ്രവർത്തിക്കുന്ന കേരള സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾക്കായി സെന്റർ ഫോർ ലാറ്റിനമേരിക്കൻ സ്റ്റഡീസ് എക്സ്ചേഞ്ച് പ്രോഗ്രാം ആരംഭിക്കുന്നു.

**കേരള യൂണിവേഴ്സിറ്റി CLAS എക്സ്ചേഞ്ച് പ്രോഗ്രാം**

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവേഷക വിദ്യാർത്ഥികൾക്ക് അവരുടെ ഗവേഷണത്തിന്റെ ഭാഗമായി ലാറ്റിനമേരിക്കയിലെ ഏതെങ്കിലും സർവകലാശാലയുമായി സഹകരിച്ചു പ്രവർത്തിക്കാനുള്ള അവസരമൊരുക്കാനാണ് ക്ലാസ് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ലക്ഷ്യം. ഈ അധ്യയന വർഷത്തിലെ പ്രോഗ്രാം ഗവേഷകർക്ക് മാത്രമായി പരിമിതപ്പെടുത്തും. 3-6 മാസത്തേക്കുള്ളതാണ് പ്രസ്തുത പ്രോഗ്രാം.. തിരഞ്ഞെടുത്ത അപേക്ഷകരുടെ യാത്ര, ഭക്ഷണം, താമസ ചെലവുകൾ എന്നിവ പ്രോഗ്രാം ഉൾക്കൊള്ളുന്നു .

**തിരഞ്ഞെടുപ്പ് മാനദണ്ഡം**

1. ഗവേഷകർ കുറഞ്ഞത് ഒരു വർഷത്തെ ഗവേഷണം പൂർത്തിയാക്കിയിരിക്കണം (രജിസ്ട്രേഷന് ശേഷം).
2. ഗവേഷകർ അതാതു ഗവേഷണ വിഷയത്തെക്കുറിച്ചും ലാറ്റിനമേരിക്കയിലെ അതിന്റെ പ്രാധാന്യത്തെക്കുറിച്ചും മതിയായ അറിവ് പ്രകടിപ്പിക്കണം.
3. കോഴ്സ് വർക്ക് പരീക്ഷ വിജയകരമായി പൂർത്തിയാക്കിയിരിക്കണം.
4. അപേക്ഷകർ അഫിലിയേറ്റ് ചെയ്യാനും ഗവേഷണം നടത്താനും ആഗ്രഹിക്കുന്ന സർവകലാശാലയിലെ ഒരു ഗവേഷണ സൂപ്പർവൈസറുടെ സമ്മതപത്രം ഉണ്ടായിരിക്കണം.
5. ഏതെങ്കിലും യുജിസി-കെയർ-ലിസ്റ്റ്/ സ്കോപ്പസ്-ഇൻഡക്സ് ചെയ്ത ജേണൽ/ബുക്ക് ചാപ്റ്ററുകളിൽ ഒരു പ്രസിദ്ധീകരണമെങ്കിലും ഉണ്ടായിരിക്കണം.
6. ഒന്നാം ക്ലാസോടെ ബിരുദാനന്തര ബിരുദം നേടിയിരിക്കണം .

അപേക്ഷകർ പി എച് ഡി പ്രൊപ്പോസലും ബയോഡാറ്റയും അനുബന്ധ രേഖകളും **clas@keralauniversity.ac.in** എന്ന ഇമെയിൽ വിലാസത്തിൽ സമർപ്പിക്കണം.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 5:00 PM, 08 th മാർച്ച്2023**

തീയതി
21/02/2023
തിരുവനന്തപുരം